**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2866** **13-10-2021 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വേനൽ മഴയിൽ പ്ലാസ്റ്റിക് മാലിന്യവും പാഴ് വസ്തുക്കളും വന്നടിഞ്ഞ് മങ്കട തോട്ടിലെ ജലസേചന ചിറകൾ മലിനമാക്കപ്പെടുകയും നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നീക്കം ചെയ്ത് തോട് സംരക്ഷിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെയും ജലസേചന വകുപ്പിന്റെയും തനതായ ഫണ്ടുകൾ ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്ത് തോട് സംരക്ഷിക്കുന്ന പ്രവൃത്തികൾ ചെയ്തു വരുന്നു. |
| (ബി) | മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കി ജലസേചനം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതെല്ലാം കുളങ്ങൾ ഇത്തരത്തിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യ മുക്തമാക്കി ജലസേചനം സാധ്യമാക്കുന്നതിന് വേണ്ട നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തി കൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കുവാൻ വേണ്ടി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ.

| | | |
|---|---|---|
| 1 | മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി പഞ്ചായത്തിൽ ഇക്കുറി കുളം മാലിന്യമുക്തമാക്കി ജലസേചനം സാധ്യമാകുന്നതിനുള്ള പ്രവൃത്തി. 49 Lakhs | കരാർ ഉടമ്പടി വച്ചിട്ടുണ്ട്. |
| 2 | പുഴക്കാട്ടിരി പഞ്ചായത്തിലെ പനങ്ങാങ്ങരയിൽ കേളിയാർകുളം മാലിന്യമുക്തമാക്കി ജലസേചനത്തിന് സാധ്യമാകുന്നതിനുള്ള പ്രവൃത്തി | പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു |
| 3 | മങ്കട പഞ്ചായത്തിലെ പെരുങ്കുളം മാലിന്യമുക്തമാക്കി ജലസേചനത്തിന് സാധ്യമാകുന്നതിനുള്ള പ്രവൃത്തി | പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു |

**സെക്ഷൻ ഓഫീസർ**